# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചിറ്റാരിപ്പറമ്പ് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.8/1237/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 01/11/2022
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചിറ്റാരിപ്പറമ്പ് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചിറ്റാരിപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചിറ്റാരിപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.8/1237/22 തീയ്യതി: 01/11/2022

# കണ്ണൂർ ജില്ലയിലെ ചിറ്റാരിപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ ചിറ്റാരിപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 05-08-2021 മുതൽ 02-08-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. രാജിലൻ. എം. സി. | ഡെപ്യൂട്ടി ഡയറക്ടർ | 03-08-2022 | 17-08-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 03-08-2022 | 17-08-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. സി.വി. ജ്യോതിഷ് കുമാർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) 3-8-2022 മുതൽ 4-8-2022 വരെ
ശ്രീമതി. ഉഷ. എ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി. സുമതി. ടി. ഒ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. ശ്രീജ. കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. വി. ബാലൻ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ, കിരൺ. പി. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2021 | 08-04-2021 |
| ശ്രീ. മാത്യു കെ. എം. | സെക്രട്ടറി | 09-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. രാജീവൻ. ടി. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീ. വിനീത്. പി. വി. | കൃഷി ഓഫീസർ | 01-04-2021 | 12-12-2021 |
| ശ്രീമതി. സൌമ്യ. എ. | കൃഷി ഓഫീസർ | 13-12-2021 | 31-03-2022 |
| ശ്രീമതി. വിനയ. കെ. | വി.ഇ.ഒ. കണ്ണവം | 01-04-2021 | 31-03-2022 |
| ശ്രീ, കിരൺ. പി. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 07-04-2021 |
| ശ്രീ. സുഗതൻ മുക്കായി | അസിസ്റ്റന്റ് സെക്രട്ടറി | 08-04-2021 | 31-03-2022 |
| ശ്രീ. സാരംഗ്. ടി. എൻ. | വി.ഇ.ഒ. മാനന്തേരി | 01-04-2021 | 31-03-2022 |
| ഡോ. ഷെറീജ് ജനാർദ്ദനൻ. | മെഡിക്കൽ ഓഫീസർ പി.എച്ച്.സി. | 01-04-2021 | 31-03-2022 |
| ഡോ. ആൽവിൻ വ്യാസ്. | വെറ്റിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീ. ശ്രീകുമാർ മമ്മാലി. | ഹെഡ് മാസ്റ്റർ ജി.എൽ.പി.എസ് | 01-04-2021 | 09-12-2021 |
| ശ്രീമതി. ആശവല്ലി. എ. എ. | ഹെഡ് മാസ്റ്റർ ജി.എൽ.പി.എസ് | 10-12-2021 | 31-03-2022 |
| ശ്രീമതി. പ്രവീണ. എ. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| ശ്രീമതി. രജനി. പി. വി. | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2021 | 27-06-2021 |
| ശ്രീമതി. പ്രിയ. പി. എം. | ഐ സി ഡി എസ് സൂപ്പർവൈസർ | 28-06-2021 | 15-11-2021 |
| ശ്രീമതി. ബിന്ദു. ടി. | ഐ സി ഡി എസ് സൂപ്പർവൈസർ | 16-11-2021 | 31-03-2022 |
| ശ്രീ. ഷാജി. സി. | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Jyothish Kumar (Audit Officer (HG), On 04-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 22-10-2022) | 1-1 |
| 2 | പുതുക്കിയ ബജറ്റ്<br>Written By: Jyothish Kumar (Audit Officer (HG), On 04-08-2022)<br>Last Updated By: Jyothish Kumar (Audit Officer (HG), On 31-08-2022) | 1-1-1 |
| 3 | വാർഷിക ധനകാര്യപത്രിക.<br>Written By: Sreeja.K (Auditor, On 04-08-2022)<br>Last Updated By: Jyothish Kumar (Audit Officer (HG), On 31-08-2022) | 1-2 |
| 4 | വാർഷിക ധനകാര്യ പത്രിക- അപാകങ്ങൾ<br>Written By: Sreeja.K (Auditor, On 16-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 01-11-2022) | 1-2-1 |
| 5 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Jyothish Kumar (Audit Officer (HG), On 04-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 22-10-2022) | 1-3 |
| 6 | ഫണ്ട് വിനിയോഗം<br>Written By: Sreeja.K (Auditor, On 07-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 01-11-2022) | 1-4 |
| 7 | പദ്ധതി അവലോകനം.<br>Written By: Jyothish Kumar (Audit Officer (HG), On 04-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 22-10-2022) | 1-5 |
| 8 | തൊഴിലുറപ്പ് പദ്ധതി<br>Written By: Usha.A (Asst. Audit Officer, On 04-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 22-10-2022) | 1-6 |
| 9 | ക്ഷേമ പദ്ധതികൾ<br>Written By: Sreeja.K (Auditor, On 04-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 22-10-2022) | 1-7 |
| 10 | ക്യാഷ് പരിശോധന<br>Written By: Jyothish Kumar (Audit Officer (HG), On 04-08-2022)<br>Last Updated By: Jyothish Kumar (Audit Officer (HG), On 31-08-2022) | 1-8 |
| 11 | ആഭ്യന്തരനിയന്ത്രണ സംവിധാനം<br>Written By: Jyothish Kumar (Audit Officer (HG), On 17-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 22-10-2022) | 1-9 |
| 12 | ഗ്രാമസഭ<br>Written By: Jyothish Kumar (Audit Officer (HG), On 12-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 22-10-2022) | 1-10 |
| 13 | വസ്തു നികുതി - ഭേദഗതി ഉത്തരവ് പ്രകാരമുള്ള അടിസ്ഥാന നിരക്ക് വിജ്ഞാപനം ചെയ്തിട്ടില്ല.<br>Written By: Sreeja.K (Auditor, On 16-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 01-11-2022) | 1-11 |
| 14 | വിമുക്ത ഭടന്മാരുടെ വീടുകൾക്ക് വസ്തുനികുതി ഇളവ് അനുവദിച്ചതിലെ അപാകങ്ങൾ<br>Written By: Sreeja.K (Auditor, On 16-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 22-10-2022) | 1-12 |
| 15 | പൊളിച്ചുകളയുന്ന കെട്ടിടങ്ങളുടെ നികുതി തൻവർഷത്തെ ഡിമാന്റിൽ നിന്നും ഒഴിവാക്കുന്നു.<br>Written By: Sreeja.K (Auditor, On 16-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 01-11-2022) | 1-13 |
| 16 | കെട്ടിടങ്ങളുടെ കൂട്ടിച്ചേർക്കൽ - നികുതി വരുമാനം ഉറപ്പുവരുത്തുന്നില്ല. | 1-14 |

| | | |
|---|---|---|
| | Written By: Sreeja.K (Auditor, On 17-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 01-11-2022) | |
| 17 | ഇ-ടെണ്ടർ -ടെണ്ടർ ഫീസ് - ഗ്രാമ പഞ്ചായത്തിന് ലഭിക്കാനുള്ള തുക ലഭിച്ചിട്ടില്ല<br>Written By: Jyothish Kumar (Audit Officer (HG), On 22-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 22-10-2022) | 1-15 |
| 18 | പ്രൈമറി സ്കൂളുകൾക്ക് സ്പോർട്ട്സ് കിറ്റ് വിതരണം-അപകാതകൾ<br>Written By: Usha.A (Asst. Audit Officer, On 14-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 01-11-2022) | 1-16 |
| 19 | ഔഷധ സസ്യ കൃഷി വികസനം- പ്രോജക്ട് നടത്തിപ്പിലെ അപാകങ്ങൾ<br>Written By: Usha.A (Asst. Audit Officer, On 14-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 22-10-2022) | 1-17 |
| 20 | അതുല്യം- അക്ഷര ലക്ഷം പദ്ധതി - മുഴുവൻ രേഖകളും ഹാജരാക്കിയിട്ടില്ല<br>Written By: Usha.A (Asst. Audit Officer, On 14-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 22-10-2022) | 1-18 |
| 21 | ഹരിത കർമ്മ സേനക്ക് സ്വയം തൊഴിൽ സംരംഭം - പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല- ₹300000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Sumathi.T.O (Auditor, On 13-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 01-11-2022) | 1-19 |
| 22 | കറവ പശുക്കൾക്ക് കാലിത്തീറ്റ വിതരണ പദ്ധതി - രേഖകൾ ഹാജരാക്കിയിട്ടില്ല ₹500000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Sumathi.T.O (Auditor, On 13-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 25-10-2022) | 1-20 |
| 23 | സംയോജിത ശിശു വികസന പദ്ധതി- കേന്ദ്രഫണ്ട് യഥാസമയം ചെലവഴിക്കുന്നില്ല<br>Written By: Sumathi.T.O (Auditor, On 13-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 25-10-2022) | 1-21 |
| 24 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി -വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല<br>Written By: Sumathi.T.O (Auditor, On 13-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 25-10-2022) | 1-22 |
| 25 | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ- ₹1,11,953 യുടെ മരുന്ന് ലഭിച്ചിട്ടില്ല.<br>Written By: Usha.A (Asst. Audit Officer, On 14-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 25-10-2022) | 1-23 |
| 26 | ശുചിത്വ മിഷൻ ഫണ്ട്- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല ₹150000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Usha.A (Asst. Audit Officer, On 14-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 25-10-2022) | 1-24 |
| 27 | 14-ാം മൈൽ തയ്യിൽ മുക്ക് കുഴൽ കിണർ അറ്റകുറ്റപ്പണി-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.<br>Written By: Usha.A (Asst. Audit Officer, On 14-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 01-11-2022) | 1-25 |
| 28 | ഗ്രാമ വിശുദ്ധി ബോട്ടിൽ ബൂത്ത് സ്ഥാപിക്കൽ -ബൂത്ത് സ്ഥാപിച്ചതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല-₹2,12,764 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Jyothish Kumar (Audit Officer (HG), On 17-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 25-10-2022) | 1-26 |
| 29 | തൊണ്ടിലേറി ലക്ഷം വീട് കോളനിയിൽ കുഴൽ കിണർ നിർമ്മാണം - പ്രവൃത്തി പൂർത്തിയായിട്ടില്ല<br>Written By: Usha.A (Asst. Audit Officer, On 14-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 01-11-2022) | 1-27 |

| | | |
|---|---|---|
| 30 | ജി.എസ്.ടി കോമ്പൻസേഷൻ നൽകിയത് - സെൽഫ് ഡിക്ലറേഷൻ രേഖകൾ ഹാജരാക്കിയിട്ടില്ല<br>Written By: Jyothish Kumar (Audit Officer (HG), On 17-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 25-10-2022) | 1-28 |
| 31 | ഗ്രാമ പഞ്ചായത്ത് നടപ്പിലാക്കിയ പൊതുമരാമത്ത് പ്രവൃത്തികൾ മോണിറ്ററിംഗ് ചെയ്തിട്ടില്ല<br>Written By: Jyothish Kumar (Audit Officer (HG), On 17-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 25-10-2022) | 1-29 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Jyothish Kumar (Audit Officer (HG), On 04-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 01-11-2022) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Jyothish Kumar (Audit Officer (HG), On 04-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 01-11-2022) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Jyothish Kumar (Audit Officer (HG), On 12-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 25-10-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം<br>Written By: Jyothish Kumar (Audit Officer (HG), On 04-08-2022)<br>Last Updated By: Jyothish Kumar (Audit Officer (HG), On 04-08-2022) | 4-4 |
| 5 | വായ്പ / വായ്പ തിരിച്ചടവ്<br>Written By: Jyothish Kumar (Audit Officer (HG), On 04-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 25-10-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Jyothish Kumar (Audit Officer (HG), On 04-08-2022)<br>Last Updated By: Jyothish Kumar (Audit Officer (HG), On 04-08-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Jyothish Kumar (Audit Officer (HG), On 10-08-2022)<br>Last Updated By: Jyothish Kumar (Audit Officer (HG), On 10-08-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Jyothish Kumar (Audit Officer (HG), On 05-08-2022)<br>Last Updated By: Jyothish Kumar (Audit Officer (HG), On 05-08-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Jyothish Kumar (Audit Officer (HG), On 04-08-2022)<br>Last Updated By: Jyothish Kumar (Audit Officer (HG), On 04-08-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Jyothish Kumar (Audit Officer (HG), On 27-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 01-11-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Jyothish Kumar (Audit Officer (HG), On 04-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 01-11-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

| | |
|---|---|
| 3 | RECEIPT & PAYMENT STATEMENT |
| 4 | INCOME & EXPENDITURE STATEMENT |
| 5 | BALANCE SHEET |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

ചിറ്റാരിപ്പറമ്പ് ഗ്രാമ പഞ്ചായത്തിന്റെ 2021-22 ലെ ബജറ്റ് 22-2-2021 ലെ 50/2021 -ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 1,52,90,856 |
| വരവ് | 17,94,56,000 |
| ആകെ | 19,47,46,856 |
| ചെലവ് | 17,68,88,000 |
| നീക്കിയിരിപ്പ് | 1,78,58,856 |

### 1-1-1 പുതുക്കിയ ബജറ്റ്

ചിറ്റാരിപ്പറമ്പ് ഗ്രാമ പഞ്ചായത്തിന്റെ 2021-22 ലെ പുതുക്കിയ ബജറ്റ് 25-3-2022 ലെ 83/2022 -ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 1,43,94,325 |
| വരവ് | 20,82,07,583 |
| ആകെ | 22,26,01,908 |
| ചെലവ് | 20,61,53,842 |
| നീക്കിയിരിപ്പ് | 1,64,48,066 |

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31-7-2022 | 9-5-2022 | തിരിച്ചയച്ചിട്ടില്ല |

### 1-2-1 വാർഷിക ധനകാര്യ പത്രിക- അപാകങ്ങൾ

2021-22 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1)General Ledger Trial Balance ന്റെ Closing Balance കോളങ്ങളിൽ ഒരേ ഇനത്തിന് Debit, Credit കോളങ്ങളിൽ തുക ചേർത്തിട്ടുണ്ട്.

2)സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള മുഴുവൻ ആസ്തികളുടെയും മൂല്യം വാർഷിക ധനകാര്യ പത്രികയിൽ (B-11 ഷെഡ്യൂളിൽ) ഉൾപ്പെടുത്തിയിട്ടില്ല. ഉദാ- വാഹനം, ഭൂമിയുടെ മൂല്യം എന്നിവ

3)2020-21 ലെ വാർഷിക ധനകാര്യ പത്രികയിലെ B-15 ഷെഡ്യൂൾ പ്രകാരം ₹281201 യാണ് വസ്തുനികുതി കുടിശ്ശികയുള്ളത്. എന്നാൽ 2021-22ലെ സഞ്ചയ ഡി സി ബി പത്രിക പ്രകാരം ₹288664 ഈ ഇനത്തിൽ ഡിമാന്റ് ചെയ്തിട്ടുണ്ട്.

4) കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 62(4) പ്രകാരം ധനകാര്യ പത്രികയിലെ തുകകൾ പൂർണ്ണരൂപത്തിൽ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ അപ്രകാരം ചെയ്തിട്ടില്ല.

5)2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 58 പ്രകാരം ഓരോ മാസാന്ത്യത്തിലും സെക്രട്ടറി സ്റ്റോക്കിന്റെ തൻമാസ വിനിയോഗ വിവരം ശേഖരിക്കേണ്ടതും വർഷാന്ത്യത്തിൽ സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി പൊരുത്തപ്പെടുത്തേണ്ടതുമാണ്. എന്നാൽ അപ്രകാരം ചെയ്തിട്ടില്ല

6)കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 62(2,f) പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

7)വാർഷികകണക്ക് ഷെഡ്യൂൾ RP-5 പ്രകാരം Sale Of Tender Forms ഇനത്തിൽ ₹59634 വരവുണ്ട്. Tender Forms Sale രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

8)ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

9)ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി, കുടിശ്ശിക ഉണ്ട്. എന്നാൽ നികുതി കുടിശ്ശിക

വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ. 26/7/2011, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011 (ചട്ടം58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.
10)ആസ്തി, ഡിപ്രീസിയേഷൻ ഇവ കണക്കാക്കിയതുമായി ബന്ധപ്പെട്ട പത്രിക പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല
11)ബി-18 ഷെഡ്യൂളിൽ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നല്കിയ മുൻകൂർ ഇനത്തിൽ ക്രമീകരിക്കാൻ ബാക്കിയുള്ളതായി രേഖപ്പെടുത്തിയ ₹79385 യുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| വർഷം | 2021-22 |
|---|---|
| മുന്നിരിപ്പ് | 22978221.75 |
| വരവ് | 75195041 |
| ആകെ | 98173262.75 |
| ചെലവ് | 73295527 |
| നീക്കിയിരിപ്പ് | 24877735.75 |
| വരവിനങ്ങളിലെ നഷ്ടം | ഇല്ല |
| ചെലവിനങ്ങളുടെ നഷ്ടം | ഇല്ല |
| തടസ്സപ്പെടുത്തിയ തുക | 1162764 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 19438001 | 19438001 | 18722734 | 715267 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 575000 | 575000 | 569495 | 5505 |
| വികസന ഫണ്ട്-ടി എസ് പി | 0 | 2619000 | 2619000 | 2619000 | 0 |
| മെയിന്റനൻസ് റോഡ് | 0 | 8002000 | 8002000 | 6385642 | 1616358 |
| മെയിന്റനൻസ് നോൺറോഡ് | 0 | 5380152 | 5380152 | 2566551 | 2813601 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് – Basic | 0 | 4296999 +100268 (പലിശ) | 4397267 | 4148452 | 148547+ 100268 (പലിശ) |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ് ഫണ്ട് | 0 | 9942000 | 9942000 | 3775797 | 6166203 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | | | | | |
| ഐ സി ഡി എസ്-കേന്ദ്രവിഹിതം | 751425 | 1077938 | 1829363 | 143813 | 1685550 |
| ടി എസ് സി | 1790693 | 446331 | 2237024 | 1175018 | 1062006 |
| എം പി ഫണ്ട് | 31493 | 881 | 32374 | 0 | 32374 |
| എം എൻ ആർ ഇ ജി എസ് | 53379 | 56189822 | 56243201 | 56240991 | 2210 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | | | | | |
| സാക്ഷരത | 23582 | 686 | 24268 | 0 | 24268 |
| ലൈഫ് മിഷൻ | 0 | 1260000 | 1260000 | 420000 | 840000 |
| പകർച്ചവ്യാധി നിയന്ത്രണം | 50000 | 20000 | 70000 | 0 | 70000 |
| ആശ്രയ ഫണ്ട് | 0 | 215600 | 215600 | 215600 | 0 |

| | | | | | |
|---|---|---|---|---|---|
| പ്രത്യേകോദ്ദേശ ഗ്രാന്റ് (വിമുക്തി, പ്രോജക്ട് ഫണ്ട്, പോളിംഗ് ബൂത്ത് ക്രമീകരണം, കില പരിശീലനം മുതലായവ) | 140370 | 0 | 140370 | 115470 | 24900 |

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 196 | 75597869 | 157 | 52098949 | 29 | 39 | 65.31 |

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥർ | പ്രോജക്ടുകളുടെ എണ്ണം | | ആകെ അടങ്കൽ | ചെലവ ഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|---|
| | | ഏറ്റെടുത്തത് | നടപ്പിലാക്കിയത് | | | |
| 1 | സെക്രട്ടറി | 28 | 22 | 8822267 | 6757291 | 76.59 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 16 | 13 | 2679000 | 2176170 | 81.23 |
| 3 | അസിസ്റ്റന്റ് എഞ്ചിനീയർ | 74 | 54 | 28243970 | 17425669 | 61.7 |
| 4 | കൃഷി ഓഫീസർ | 16 | 14 | 2468854 | 2387115 | 96.68 |
| 5 | വി.ഇ.ഒ. കണ്ണവം | 10 | 10 | 2395790 | 2082888 | 86.94 |
| 6 | വി.ഇ.ഒ. മാനന്തേരി | 12 | 10 | 14965038 | 8594138 | 57.43 |
| 7 | മെഡിക്കൽ ഓഫീസർ PHC | 3 | 2 | 1950000 | 1312108 | 67.29 |
| 8 | വെറ്റിനറി സർജൻ | 14 | 14 | 3294900 | 3087390 | 93.7 |
| 9 | ICDS സൂപ്പർവൈസർ | 5 | 4 | 4965112 | 4377478 | 88.16 |
| 10 | ഹെഡ് മാസ്റ്റർ ജി.എൽ.പി.എസ് | 14 | 10 | 2232938 | 1691712 | 75.76 |
| 11 | ഡയറി ഫാം ഇൻസ്ട്രക്ടർ | 3 | 3 | 2350000 | 1967546 | 83.73 |
| 12 | സബ് ഇൻസ്പെക്ടർ ഫിഷറീസ് | 1 | 1 | 1230000 | 239444 | 19.47 |
| | ആകെ | 196 | 157 | 75597869 | 52098949 | 68.92 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 53379 | 474332 | 527711 | 525501 | 2210 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 55715490 | 55715490 | 55715490 | 0 |
| ആകെ | 53379 | 56189822 | 56243201 | 56240991 | 2210 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക ₹ |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 573 | 9067600 |
| വിധവാ പെൻഷൻ | 1201 | 18358200 |
| വാർദ്ധക്യകാല പെൻഷൻ | 1786 | 24690800 |
| വികലാംഗ പെൻഷൻ | 311 | 4844000 |
| 50 വയസിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 266 | 4101800 |
| വിവാഹ ധനസഹായം | 12 | 360000 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 3-8-2022 ന് 3.31 Pm സമയത്ത് അസിസ്റ്റന്റ് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹5,308 യുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണ സംവിധാനം

ഗ്രാമ പഞ്ചായത്തിൽ കൃത്യമായ ഇടവേളകളിൽ ഓഫീസ് യോഗം ചേരുകയും ദൈനംദിന ഓഫീസ് പ്രവർത്തനം, ഫ്രണ്ട് ഓഫീസ് പ്രവർത്തനം എന്നിവ കാര്യക്ഷമമാക്കുവാനായി നിർദ്ദേശം നൽകുകയും ചെയ്യുന്നുണ്ട്. നികുതി പിരിവ് 100% കൈവരിക്കുന്നതിനും ഊർജിത നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. രജിസ്റ്ററുകൾ ശരിയായ രീതിയിൽ സൂക്ഷിച്ചുവരുന്നുണ്ട്. പഞ്ചായത്ത് ഓഫീസിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം പൊതുവേ തൃപ്തികരമാണ്.

## 1-10 ഗ്രാമസഭ

ഗ്രാമ പഞ്ചായത്തിലെ 15 വാർഡുകളിലും 2021-22 വർഷം രണ്ട് തവണ വീതം ഗ്രാമസഭകൾ ചേർന്നിട്ടുണ്ട്. 2021-22 വാർഷിക പദ്ധതി ഗുണഭോക്തൃ പട്ടിക അംഗീകരിക്കൽ, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ആക്ഷൻ പ്ലാൻ, ലേബർ ബജറ്റ്, ഹരിത കർമ്മസേന പ്രവർത്തനം, ഒറ്റത്തവണ പ്ലാസ്റ്റിക്ക് നിരോധനം, അതി ദരിദ്രരെ കണ്ടെത്തൽ പ്രക്രിയ – പട്ടിക അംഗീകരിക്കൽ തുടങ്ങിയവയാണ് പ്രധാന അജണ്ടകൾ.

## 1-11 വസ്തു നികുതി - ഭേദഗതി ഉത്തരവ് പ്രകാരമുള്ള അടിസ്ഥാന നിരക്ക് വിജ്ഞാപനം ചെയ്തിട്ടില്ല.

കെട്ടിടങ്ങളുടെ വസ്തുനികുതി ചുമത്തുന്നതുമായി ബന്ധപ്പെട്ട് സ.ഉ(അ)19/2011/തസ്വഭവ തീയതി 14-1-2011 പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ ചില ഭാഗങ്ങൾ കൂടി ഉൾപ്പെടുത്തി സ.ഉ(അ) നമ്പർ 36/2015/തസ്വഭവ തീയതി 24-2-2015 പ്രകാരം ഭേദഗതി ചെയ്തിട്ടുണ്ട്. ആയതിനൊപ്പം റസിഡൻഷ്യൽ ഹോം സ്റ്റേ എന്ന വിഭാഗം കൂടി ഉൾപ്പെടുത്തി സ.ഉ(അ) നമ്പർ 53/2020/തസ്വഭവ തീയതി 8-9-2020 പ്രകാരം ഈ വിഭാഗങ്ങളിൽ പെടുന്ന കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ ഏറ്റവും കൂടിയതും കുറഞ്ഞതുമായ നിരക്ക് എത്രയാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയതിനനുസരിച്ച് ഓരോ പഞ്ചായത്തും അതത് പഞ്ചായത്തുകൾക്ക് ബാധകമാവുന്ന അടിസ്ഥാന വസ്തുനികുതി നിരക്ക് നിശ്ചയിച്ച് വിജ്ഞാപനം ചെയ്യേണ്ടതാണ്. സഞ്ചയ സോഫ്റ്റ്‌വെയറിലെ അടിസ്ഥാന നികുതി നിരക്കുകൾ പരിശോധിച്ചതിൽ പഞ്ചായത്തിന് പ്രസ്തുത വിഭാഗം കെട്ടിടങ്ങൾക്ക് ബാധകമായ നിരക്ക് എത്രയാണെന്ന് രേഖപ്പെടുത്തിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.6 തീയതി 7-8-22) ലഭ്യമാക്കിയ മറുപടിയിൽ നിലവിൽ ഇത്തരത്തിലുള്ള കെട്ടിടങ്ങളില്ലാത്തതിനാലാണ് നികുതി നിരക്ക് വിജ്ഞാപനം ചെയ്യാതിരുന്നതെന്നും ഇതു സംബന്ധിച്ച് വിജ്ഞാപനം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഭേദഗതി ഉത്തരവ് പ്രകാരമുള്ള അടിസ്ഥാന നികുതി നിരക്ക് വിജ്ഞാപനം ചെയ്ത് സഞ്ചയയിൽ രേഖപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-12 വിമുക്ത ഭടന്മാരുടെ വീടുകൾക്ക് വസ്തുനികുതി ഇളവ് അനുവദിച്ചതിലെ അപാകങ്ങൾ

സ.ഉ(കൈ)നം.106/17/തസ്വഭവ തീ. 26-05-2017 പ്രകാരം വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/വിധവകൾക്ക് കെട്ടിട നികുതിയിൽ ഇളവ് അനുവദിക്കുമ്പോൾ കെട്ടിട നികുതി ഇളവിന് അർഹരായവർ ഓരോ വർഷവും മാർച്ച് 31 ന് മുമ്പായി നിർദ്ദിഷ്ട മാതൃകയിലുള്ള സാക്ഷ്യപത്രം/സത്യവാങ്മൂലം ഗ്രാമ പഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണെന്നും ഇളവിന് അർഹരായവരുടെ പ്രത്യേക രജിസ്റ്റർ ഗ്രാമ പഞ്ചായത്തിൽ സൂക്ഷിക്കേണ്ടതും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതുമാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. 10-12-2021 ലെ ധനകാര്യ സ്റ്റാന്റിംഗ്

കമ്മിറ്റിയുടെ 52(1) നമ്പർ തീരുമാനം പ്രകാരം 2021-22 വർഷം വസ്തുനികുതി ഇളവ് അനുവദിക്കുന്നതിനായി ശുപാർശ ചെയ്ത കെട്ടിടങ്ങളുടെ വിവരങ്ങൾ ഇപ്രകാരം രജിസ്റ്ററിൽ ചേർത്തിട്ടുണ്ട്. എന്നാൽ സഞ്ചയ സോഫ്റ്റ് വെയർ അപ്ലിക്കേഷനിൽനിന്നുള്ള റിപ്പോർട്ട് പ്രകാരം രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ലാത്ത കെട്ടിടങ്ങൾക്കും നികുതി ഇളവ് അനുവദിച്ചിട്ടുണ്ട്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | വാർഡ് നമ്പർ/ | കെട്ടിട നമ്പർ (രജിസ്റ്ററിൽ ഉൾപ്പെടാത്തത്) |
|---|---|---|
| 1 | 1 | 1/265, 1/281A |
| 2 | 2 | 2/10, 2/26 |
| 3 | 3 | 3/335, 3/27 |
| 4 | 5 | 5/139, 5/116 A |
| 5 | 7 | 7/195 |
| 6 | 8 | 8/89, 8/135, 8/226, 8/227, 8/327, 8/332, 8/538 |
| 7 | 9 | 9/59, 9/321 |
| 8 | 10 | 10/312 |
| 9 | 11 | 11/339 |
| 10 | 12 | 12/179 |
| 11 | 14 | 14/342 |
| 12 | 15 | 15/229, 15/274, 15/336 |

മേൽ അപാകം സംബന്ധിച്ച് 27/9-8-2022 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ വിമുക്തഭടൻമാരുടെ വാസഗൃഹങ്ങളുടെ നികുതി ഇളവ് സഞ്ചയ സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തുമ്പോൾ ടി കെട്ടിടത്തിന് ഏത് വർഷം മുതൽ നികുതി ഇളവ് നൽകിയിട്ടുണ്ടെന്ന് മാത്രമേ രേഖപ്പെടുത്തേണ്ടതുള്ളൂവെന്നും ഏത് വർഷം വരെ എന്ന് രേഖപ്പെടുത്താൻ സാധിക്കുന്നില്ല എന്നും ഒഴിവാക്കപ്പെട്ട എല്ലാ വ്യക്തികളും അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. മേൽ സൂചിപ്പിച്ച ഉത്തരവ് പ്രകാരം നികുതി ഇളവിന് അർഹരായവർ ഓരോ വർഷവും നിശ്ചിത സമയത്തിനകം സാക്ഷ്യപത്രം/സത്യവാങ്മൂലം ഗ്രാമ പഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുള്ളതിനാൽ അർഹരായവർക്ക് മാത്രമാണ് ഇളവ് അനുവദിക്കുന്നത് എന്ന് ഉറപ്പ് വരുത്തേണ്ടതും സഞ്ചയ സോഫ്റ്റ് വെയറിൽ നികുതി ഇളവ് രേഖപ്പെടുത്തുന്നത് സംബന്ധിച്ച അപാകം ഐ.കെ.എമ്മിനെ അറിയിച്ച് അപാകം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-13 പൊളിച്ചുകളയുന്ന കെട്ടിടങ്ങളുടെ നികുതി തൻവർഷത്തെ ഡിമാന്റിൽ നിന്നും ഒഴിവാക്കുന്നു.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 24 ഉപചട്ടം 3 പ്രകാരം ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള ഏതെങ്കിലും കെട്ടിടം പൊളിച്ചുകളയുമ്പോൾ കെട്ടിട ഉടമസ്ഥൻ അത് സംബന്ധിച്ച് സെക്രട്ടറിക്ക് നോട്ടീസ് നൽകേണ്ടതും ആ കെട്ടിടം പൊളിച്ചുകളയുന്ന അർദ്ധ വർഷത്തിന്റെ അവസാനം വരെ അപ്രകാരം ചെയ്തിട്ടില്ലായിരുന്നുവെങ്കിൽ ചുമത്തപ്പെടാവുന്ന വസ്തുനികുതി നൽകാൻ ഉടമസ്ഥൻ ബാധ്യസ്ഥനാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. 2021-22 വർഷം ഇപ്രകാരം പൊളിച്ചുമാറ്റിയ കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കുന്നതിനായി ലഭിച്ച അപേക്ഷകളിൻമേൽ ചട്ടപ്രകാരമുള്ള നികുതി ഈടാക്കിയിട്ടുണ്ട്. എന്നാൽ സഞ്ചയ സോഫ്റ്റ് വെയറിൽ പ്രസ്തുത കെട്ടിടങ്ങളുടെ ഡിമാന്റ്, കലക്ഷൻ, ബാലൻസ് വിവരങ്ങൾ പരിശോധിച്ചതിൽ 2021-22 ഒന്നാം അർദ്ധവർഷം തന്നെ കെട്ടിടം പൊളിച്ചു കളഞ്ഞതായി രേഖപ്പെടുത്തിയിട്ടുള്ളതിനാൽ 2021-22 വർഷത്തെ ഡിമാന്റിൽ നിന്നും ഒഴിവാക്കിയതായാണ് കാണുന്നത്. ഈടാക്കിയ നികുതി അഡ്വാൻസ് ആയും രേഖപ്പെടുത്തിയിട്ടുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | അപേക്ഷ നമ്പർ/ തീയതി | കെട്ടിട നമ്പർ | കെട്ടിട ഉടമസ്ഥൻ | ഈടാക്കിയ നികുതി ₹ | സഞ്ചയ പ്രകാരമുള്ള വിവരങ്ങൾ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | A2 1127/2022 /21-2-2022 | 2/169 | എ കെ പ്രഭാകരൻ | 38 | 2021-22 ഒന്നാം അർദ്ധവർഷം കെട്ടിടം പൊളിച്ചു കളഞ്ഞതായി രേഖപ്പെടുത്തിയിട്ടുണ്ട്. 2021 -22 വർഷത്തെ ഡിമാന്റിൽ ഉൾപ്പെട്ടിട്ടില്ല. ബാലൻസിൽ അധികം തുക അടച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട് |
| 2 | A2 5977/2022 /27-12-2021 | 3/366 | കൊല്ലനാണ്ടി രാജു | 69 | |
| 3 | A2 159/2022 /1-11-2022 | 4/107 | കാണി കല്യാണി | 28 | |
| 4 | A2 121/2022 6-1-2022 | 13/311 | നെല്ലിയോടൻ വിജയൻ | 13 | |

യഥാർത്ഥത്തിൽ തൻവർഷത്തെ ഡിമാന്റ്/കളക്ഷൻ ആയി രേഖപ്പെടുത്തേണ്ട തുക ഡിമാന്റിൽ നിന്നും ഒഴിവാക്കി അഡ്വാൻസ് ആയി രേഖപ്പെടുത്തിയത് ശരിയായ നടപടിയല്ല. മേൽ അപാകം സംബന്ധിച്ച് 18/9-8-2022 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ഐ കെ എമ്മി നെ അറിയിച്ച് അപാകം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. അപാകത പരിഹരിക്കേണ്ടതാണ്.

## 1-14 കെട്ടിടങ്ങളുടെ കൂട്ടിച്ചേർക്കൽ - നികുതി വരുമാനം ഉറപ്പുവരുത്തുന്നില്ല.

കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്റർ പ്രകാരം 2015-16, 2016-17 കാലയളവിൽ വിവിധ റസിഡൻഷ്യൽ ആവശ്യത്തിനുള്ള കെട്ടിടങ്ങൾ, കൂട്ടിച്ചേർക്കലിനായി പെർമിറ്റ് എടുത്തിട്ടുണ്ടെങ്കിലും പെർമിറ്റ് കാലാവധിക്ക് ശേഷം മേൽ കെട്ടിങ്ങളുടെ പെർമിറ്റ് പുതുക്കുകയോ കൂട്ടിച്ചേർത്ത ഭാഗത്തിന് നികുതി നിർണ്ണയിക്കാൻവേണ്ടി അപേക്ഷ നൽകുകയോ ചെയ്തിട്ടില്ല. പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങൾ സഞ്ചയ സോഫ്റ്റ് വെയറുമായി താരതമ്യ പരിശോധന നടത്തിയപ്പോൾ നാളിതുവരെ കൂട്ടിച്ചേർത്ത ഭാഗത്തിന് നികുതി നിർണ്ണയിച്ചതായും കാണുന്നില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ്/കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് | പെർമിറ്റ് നമ്പർ/ കാലാവധി | കൂട്ടിച്ചേർക്കലിനായി പെർമിറ്റ് അനുവദിച്ച ഭാഗത്തിന്റെ വിസ്തീർണ്ണം | സഞ്ചയപ്രകാരം നികുതി നിർണ്ണയിച്ച വിസ്തീർണ്ണം |
|---|---|---|---|---|---|
| 1 | 4/43 A | വാഴയിൽ പ്രമോദ് | A2-2219/15 28-5-2018 | ഒന്നാം നില 54.17 ച. മീ | താഴത്തെ നില 87 ച. മീ |
| 2 | 13/197 | മരവൻ ഷാഹിദ | A2-5076/15 7-2-2019 | ഒന്നാം നില 96.6 ച. മീ | താഴത്തെ നില 154 ച. മീ |
| 3 | 7/654 A | പ്രമോദ് കുമാർ. എൻ | A2-4998/15 14-12-2015 | ഒന്നാം നില 96.6 ച. മീ | താഴത്തെ നില 80 ച. മീ |
| 4 | 13/272 A | വാഴയിൽ താഹിറ | A2-631/16 25-3-2019 | ഒന്നാം നില 111.72 ച. മീ | താഴത്തെ നില 90 ച. മീ |
| 5 | 9/24 | അമ്പിടാട്ട് അശോകൻ | A2-2401/16 21-8-2019 | ഒന്നാം നില 60.84 ച. മീ | താഴത്തെ നില 104 ച. മീ |
| 6 | 15/174 | വളയങ്ങാടൻ സരോജിനി | A2-4021/16 4-11-2019 | ഒന്നാം നില 66.08 ച. മീ | താഴത്തെ നില 45 ച. മീ |

ഇപ്രകാരമുള്ള കെട്ടിടങ്ങളുടെ നികുതി നിർണ്ണയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (29/12-8-2022) ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത കെട്ടിടങ്ങളുടെ ഉടമസ്ഥർക്ക് നോട്ടീസ് അയച്ചിട്ടുണ്ടെന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ പ്രത്യേക അജണ്ട വെച്ച് ഈ വിഷയം പരിശോധിച്ചു വരുന്നുണ്ടെന്നും അറിയിച്ചിട്ടുണ്ട്. കൂട്ടിച്ചേർക്കൽ വരുത്തിയ കെട്ടിടങ്ങൾക്ക് പ്രത്യേക കെട്ടിട നമ്പർ ആവശ്യമില്ലാത്തതിനാൽ പെർമിറ്റ് ഇല്ലാതെ നിർമ്മാണങ്ങൾ

നടത്താൻ സാധ്യതയുണ്ട്. ഇപ്രകാരം പെർമിറ്റില്ലാതെയുള്ള നിർമ്മാണങ്ങൾ കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിച്ചുകൊണ്ടാണോ നടത്തുന്നത് എന്ന് ഉറപ്പുവരുത്താനാവില്ല. ആയതിനാൽ ഫീൽഡ് തല പരിശോധന നടത്തി അനധികൃത നിർമ്മാണം നടന്നിട്ടില്ല എന്ന് ഉറപ്പുവരുത്തേണ്ടതും നിലവിലുള്ള അസസ്സ്മെന്റ് രജിസ്റ്റർ പരിശോധിച്ച് കൂട്ടിച്ചേർക്കൽ വരുത്തിയതും ഘടനാപരമായ മാറ്റങ്ങൾ വരുത്തിയതുമായ കെട്ടിടങ്ങൾക്ക് നിയമാനുസൃത വസ്തുനികുതി ഈടാക്കി വരുമാന നഷ്ടം ഒഴിവാക്കേണ്ടതുമാണ്.

## 1-15 ഇ-ടെണ്ടർ -ടെണ്ടർ ഫീസ് - ഗ്രാമ പഞ്ചായത്തിന് ലഭിക്കാനുള്ള തുക ലഭിച്ചിട്ടില്ല

ഇ-ടെണ്ടർ ഫീ, ഇ.എം.ഡി എന്നിവ ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിന് 28-9-2013 ലെ ജി.ഒ (എം.എസ്) 318/2013/ത.സ്വ.ഭ.വ. പ്രകാരം ഉത്തരവായിട്ടുണ്ട്. ഇതനുസരിച്ച് ഗ്രാമ പഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന ഇ-ടെണ്ടർ മുഖേനയുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ പ്രസ്തുത അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു. ഇപ്രകാരം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ ഒടുക്കിയിട്ടുള്ളതും ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ടതുമായ ടെണ്ടർ ഫീ ഇതുവരെയും തിരികെ ലഭിച്ചിട്ടില്ല. ടെണ്ടർ ഫീ ഇനത്തിൽ 2015-16 മുതൽ 2021-22 വരെ താഴെപ്പറയും പ്രകാരമുള്ള ₹259786 ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറിൽ നിന്നും ലഭിക്കാനുണ്ട്. ഗ്രാമ പഞ്ചായത്തിന് ലഭിക്കാനുള്ള മുഴുവൻ തുകയും ലഭ്യമാകുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

| ക്രമ നമ്പർ | വർഷം | തുക ₹ |
|---|---|---|
| 1 | 2015-16 | 6550 |
| 2 | 2016-17 | 24200 |
| 3 | 2017-18 | 64200 |
| 4 | 2018-19 | 58324 |
| 5 | 2019-20 | 25500 |
| 6 | 2020-21 | 35412 |
| 7 | 2021-22 | 45600 |
| ആകെ | | 259786 |

## 1-16 പ്രൈമറി സ്കൂളുകൾക്ക് സ്പോർട്ട്സ് കിറ്റ് വിതരണം-അപകാതകൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ ഗവ. എൽ. പി. സ്കൂൾ |
| പ്രോജക്ട് നമ്പർ/പേര് | 54/22 പ്രൈമറി സ്കൂളുകൾക്ക് സ്പോർട്ട്സ് കിറ്റ് വിതരണം |
| അടങ്കൽ | ₹70000 വികസന ഫണ്ട് |
| ചെലവ് | ₹67733<br>ബിൽനമ്പർ/തീയതി : 21220452013701524913/30-3-2022 |

ഗ്രാമ പഞ്ചായത്തിലെ 13 പ്രൈമറി സ്കൂളുകൾക്ക് സ്പോർട്ട്സ് കിറ്റ് വിതരണം ചെയ്യുന്നതിനാണ് ₹67733 വിനിയോഗിച്ചിട്ടുള്ളത്. തദ്ദേശ ഭരണ സ്ഥാപനത്തിന്റെ 11-2-2022 ലെ ക്വട്ടേഷൻ നോട്ടീസ് പ്രകാരം ലഭിച്ച 5 ക്വട്ടേഷനുകളിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ടിബിഎസ് പബ്ളിഷേഴ്സ് & ഡിസ്ട്രിബ്യൂട്ടേഴ്സ് എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷനാണ് 14-3-2022 ലെ 70/22(4) നമ്പർ തീരുമാനം പ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുള്ളത്. സ്പോർട്ട്സ് കിറ്റിൽ താഴെ പറയുന്ന ഇനം സാധനങ്ങളാണുള്ളത്.

| ക്രമ നമ്പർ | ഇനം | എണ്ണം |
|---|---|---|
| 1 | ബാഡ് മിന്റൻ റാക്കറ്റ് | 2 |
| 2 | ബാഡ് മിന്റൻ നെറ്റ് | 1 |
| 3 | കോക്ക്(3 പീസസ്) | 1 പാക്കറ്റ് |
| 4 | ചെസ്സ് ബോർഡ് | 2 |
| 5 | ക്രിക്കറ്റ് ബാറ്റ് | 2 |

| | | |
|---|---|---|
| 6 | ക്രിക്കറ്റ് ബോൾ | 2 |
| 7 | ക്രിക്കറ്റ് സ്റ്റമ്പ് | 2 |
| 8 | ഫൂട്ട് ബോൾ | 1 |
| 9 | വോളി ബോൾ | 1 |

പ്രോജക്ട് നടപ്പാക്കിയതിലെ അപാകതകൾ താഴെ കൊടുക്കുന്നു.

1. സ.ഉ.(കൈ) 22/18/ത.സ്വ.ഭ.വ തീയതി 14.2.18 നമ്പർ ഉത്തരവിലെ ഖണ്ഡിക നമ്പർ 7.3.3. ലെ പ്രകാരം കായികക്ഷമത വളർത്താനായി ക്ലാസ് ടീച്ചറുടെ സാന്നിധ്യത്തിൽ സ്കൂൾ പി.ടി പിരീഡിൽ കമ്മ്യൂണിറ്റി സ്പോർട്ട്സ് ലീഡേഴ്സിന്റെ/സ്പോർട്ട്സ് അക്കാഡമിയുടെ സഹായത്തോടെ പ്രത്യേകം രൂപകൽപ്പന ചെയ്ത സ്പോർട്ട്സ് ഉപകരണങ്ങൾ ഉപയോഗിച്ച് നടത്തണം എന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ മേൽ പ്രോജക്ട് നടപ്പാക്കിയത് ഈ നിർദ്ദേശപ്രകാരമല്ല.

2. സ്കൂളുകളിൽ നിന്നും സ്പോർട്ട്സ് ഉപകരണങ്ങളുടെ ആവശ്യകത നിർണ്ണയിച്ച് കൊണ്ടുള്ള രേഖകളൊന്നും ഫയലിൽ ലഭ്യമല്ല.

3. ഓരോ സ്കൂളിന്റെയും ഭൗതിക സാഹചര്യങ്ങൾ, സ്കൂളിലെ കുട്ടികളുടെ എണ്ണം, കളിസ്ഥലത്തിന്റെ വലിപ്പം, കുട്ടികളുടെ പ്രായം ഇവയൊന്നും പരിഗണിയ്ക്കാതെ എല്ലാ സ്കൂളുകൾക്കും ഒരേ പോലെ സാധനങ്ങൾ വാങ്ങി നൽകിയതിന്റെ അടിസ്ഥാനം വ്യക്തമല്ല.

4. കുട്ടികൾക്ക് പരിശീലന പരിപാടികൾ രൂപകൽപന ചെയ്ത് നടപ്പിലാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല.

മേൽ അപാകങ്ങൾക്ക് 2/6.8.2022 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് വർക്കിംഗ് ഗ്രൂപ്പ് തയ്യാറാക്കിയ പ്രോജക്ടിൽ വിഭാവനം ചെയ്ത പ്രകാരം എല്ലാ സ്കൂളുകൾക്കും ഒരേ പോലെ സ്പോർട്സ് ഉപകരണങ്ങൾ വിതരണം ചെയ്തു എന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയത്. കൂടാതെ 2022-23 വർഷത്തിൽ ഫൂട്ട് ബോൾ, വോളി ബോൾ എന്നിവയുടെ പരിശീലനം നടത്തുന്നതിനായി തയ്യാറാക്കിയ പ്രോജക്ടിനു അംഗീകാരം ലഭിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. ഇതിൽ നിന്നും പരിശീലന പരിപാടികൾ രൂപകൽപന ചെയ്യാതെയാണ് സ്പോർട്ട്സ് ഉപകരണങ്ങൾ വാങ്ങിയത് എന്നാണ് വ്യക്തമാകുന്നത്. സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ സമാഹരണ ചക്രം പ്രകാരം (സർക്കാർ ഉത്തരവ് ജി.ഒ(പി) 259/2010/തസ്വഭവ, തീയതി 8.11.2010) ആവശ്യം തിരിച്ചറിയൽ വാങ്ങൽ നടപടിയിലെ പ്രാധാന്യം എന്നിരിക്കേ ആയത് പരിഗണിക്കാതെ തുക ചെലവഴിച്ചത് ശരിയായ നടപടിയല്ല. അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-17 ഔഷധ സസ്യ കൃഷി വികസനം- പ്രോജക്ട് നടത്തിപ്പിലെ അപാകങ്ങൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ. |
| പ്രോജക്ട് നമ്പർ/പേര് | 90/22 ഔഷധ സസ്യ കൃഷി വികസനം |
| അടങ്കൽ | ₹9300 വികസന ഫണ്ട്<br>₹3100 ഗുണഭോക്തൃ വിഹിതം സ്ഥാപനത്തിൽ ഒടുക്കേണ്ടത്<br>ആകെ : ₹12400 |
| ചെലവ് | ₹9300<br>ബിൽ നമ്പർ/തീയതി : 21220452012101354653/17-3-2022<br>₹3100<br>ചെക്ക് നമ്പർ/തീയതി : 2994340/26.3.22<br>ആകെ : ₹12400 |

അംഗീകൃത ഏജൻസിയിൽ നിന്നും 10 ഇനം ഔഷധ സസ്യങ്ങളുടെ തൈകൾ വാങ്ങി വിതരണം ചെയ്യുന്ന ഈ പ്രോജക്ട് നടപ്പിലാക്കുന്നതിന്റെ ഭാഗമായി ₹200 വിലയുള്ള ഔഷധ സസ്യങ്ങളുടെ 62 കിറ്റുകൾ ഇൻവോയ്സ് നമ്പർ 2329/16-3-2022 പ്രകാരം വാങ്ങിയതിന് മോഡൽ ആഗ്രോ സർവ്വീസ് സെന്ററിന് ₹12400 നൽകിയിട്ടുണ്ട്. 25% ഗുണഭോക്തൃ വിഹിതം സ്ഥാപനത്തിൽ ഒടുക്കുന്നതിനും കിറ്റുകൾ 75% സബ്സിഡി നിരക്കിൽ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യാനുമാണ് ലക്ഷ്യമിട്ടിരുന്നത്. പ്രോജക്ട് നടപ്പാക്കിയതിലെ അപാകങ്ങൾ താഴെ കൊടുക്കുന്നു.

1.പ്രോജക്ട് റിപ്പോർട്ടിൽ കിറ്റിൽ ഉൾപ്പെടുന്ന ഔഷധ സസ്യങ്ങളെ സംബന്ധിച്ചുള്ള വിവരങ്ങൾ ചേർത്തിട്ടില്ല. കൂടാതെ ഇൻവോയ്സിലും കിറ്റിൽ ഉൾപ്പെട്ട സസ്യങ്ങളുടെ തരം, എണ്ണം എന്നിവയുടെ വിവരം ലഭ്യമല്ല.

2.വിതരണ രജിസ്റ്റർ പ്രകാരം 62 ഗുണഭോക്താക്കൾക്ക് ഒന്ന് വീതം കിറ്റ് വിതരണം ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. കരം ഒടുക്കിയ രശീതി ഹാജരാക്കിയതല്ലാതെ കർഷകർ കൃഷി ചെയ്ത സ്ഥലത്തിന്റെ വിസ്തൃതി സംബന്ധിച്ച വിവരം അപേക്ഷയിൽ സാക്ഷ്യപ്പെടുത്തിയിട്ടില്ല.
3.മോണിറ്ററിംഗ് റിപ്പോർട്ടിൽ ഔഷധ സസ്യങ്ങളുടെ വിതരണം പൂർത്തിയായതായി രേഖപ്പെടുത്തിയിട്ടുണ്ട്. പ്രോജക്ടിന്റെ തുടർനടപടികൾ ഫയലിൽ ലഭ്യമല്ല.

ഇത് സംബന്ധിച്ച് 25/11-8-2022 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് സ്ഥല സന്ദർശനം നടത്തിയ പ്രകാരം കൈവശഭൂമിയുടെ ഭൂപ്രകൃതി കണക്കിലെടുത്താണ് ഔഷധ സസ്യങ്ങൾ വിതരണം ചെയ്തത് എന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയത്. കാർഷിക മേഖലയിലെ ഇടപെടലുകൾ കൊണ്ട് ഉൽപ്പാദന വർദ്ധനവുണ്ടാകുന്നത് നിരീക്ഷിക്കേണ്ടതുണ്ട്. മേൽ അപാകങ്ങൾക്ക് വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-18 അതുല്യം- അക്ഷര ലക്ഷം പദ്ധതി - മുഴവൻ രേഖകളും ഹാജരാക്കിയിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ, ഗവ. എൽ. പി. സ്കൂൾ |
| പ്രോജക്ട് നമ്പർ / പേര് | 59/22 അതുല്യം- അക്ഷര ലക്ഷം പദ്ധതി |
| അടങ്കൽ | ₹ 50,000 തനത് ഫണ്ട് |
| ചെലവ് | ₹ 47200 ചെക്ക് നമ്പർ : 3943406/15-4-2021 |

അതുല്യം- അക്ഷര ലക്ഷം എന്ന മേൽ പദ്ധതി പ്രകാരം ഗ്രാമ പഞ്ചായത്തിലെ 22 പഠിതാക്കൾക്കുള്ള (12 പേർ 10ാം തരം, 10 പേർ +1 ) പരീക്ഷാ ഫീസ് ഒടുക്കുന്നതിനും പാഠപുസ്തകങ്ങൾ വിതരണം ചെയ്യുന്നതിനുമാണ് മേൽ കാണിച്ച പ്രകാരം തുക വകയിരുത്തിയത്. 10ാം തരം പഠിതാക്കളുടെ പരീക്ഷാ ഫീസ് തുകയായ ₹22000 കേരള സംസ്ഥാന സാക്ഷരത മിഷന്റെ അക്കൗണ്ടിലേക്കും (അക്കൗണ്ട് നമ്പർ 57026996123) +1 പഠിതാക്കളുടെ പരീക്ഷാ ഫീസ് തുകയായ ₹25000 കേരള സംസ്ഥാന സാക്ഷരത മിഷന്റെ അക്കൗണ്ടിലേക്കും (അക്കൗണ്ട് നമ്പർ -02880100113107 ) ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. മേൽ പ്രോജക്ട് നടപ്പാക്കിയതുമായി ബന്ധപ്പെട്ട താഴെപ്പറയുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിയിട്ടില്ല.

1. പദ്ധതിയിലെ ഗുണഭോക്താക്കളെ ഗ്രാമസഭ വഴി തെരഞ്ഞെടുത്തതുമായി ബന്ധപ്പെട്ട ഗുണഭോക്തൃ ലിസ്റ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.
2. പഠിതാക്കൾക്ക് പരിശീലനം നൽകിയതിന്റെ വിശദാംശങ്ങൾ, പരിശീലന ക്ലാസിലെ ഹാജർ രേഖകൾ, പഠിതാക്കൾ കോഴ്സ്
പൂർത്തിയാക്കിയതിന്റെ രേഖകൾ എന്നിവയൊന്നും തന്നെ ഹാജരാക്കിയിട്ടില്ല.
3. പഠിതാക്കൾക്ക് പുസ്തകം വാങ്ങി വിതരണം ചെയ്തതിന്റെ വിവരം ലഭ്യമായിട്ടില്ല.

ഇത് സംബന്ധിച്ച് 1/6-8-2022 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ഗുണഭോക്തൃ ലിസ്റ്റ് ഗ്രാമസഭ മുമ്പാകെ അംഗീകാരത്തിനായി സമർപ്പിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. കൂടാതെ മേൽ പരാമർശിച്ച രേഖകൾ ലഭിക്കുന്ന മുറക്ക് ഹാജരാക്കുന്നതായി നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. രേഖകൾ ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-19 ഹരിത കർമ്മ സേനക്ക് സ്വയം തൊഴിൽ സംരംഭം - പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല- ₹300000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ കണ്ണവം സർക്കിൾ |
| പ്രോജക്ട് നമ്പർ / പേര് | 23/22<br>ഹരിത കർമ്മ സേനക്ക് സ്വയം തൊഴിൽ സംരംഭം |
| അടങ്കൽ | ₹300000 വികസന ഫണ്ട് പൊതു വിഭാഗം<br>₹40000 മറ്റുള്ളവ<br>ആകെ : ₹340000 |
| ചെലവ് | ₹300000<br>ബിൽ നമ്പർ/തിയ്യതി : 2122045201150144 5876/24-03-2022 |

ഗ്രാമ പഞ്ചായത്തിലെ ഹരിത കർമ്മസേനക്ക് സ്ഥായിയായ വരുമാനം ഉറപ്പ് വരുത്തുന്നതിനൊപ്പം പഞ്ചായത്തിനെ മാലിന്യമുക്ത പഞ്ചായത്താക്കി മാറ്റുകയും പൊതു ചടങ്ങുകളിൽ ഹരിത പെരുമാറ്റ ചട്ടം പാലിക്കുന്നതിന്റെ ഭാഗമായി സ്റ്റീൽ പ്ലേറ്റ്, ഗ്ലാസ്, പാത്രം എന്നിവ ബാങ്ക് വായ്പ മുഖേന വാങ്ങുകയും ചടങ്ങുകൾക്ക് ആവശ്യക്കാർക്ക് നൽകി അവരിൽ നിന്ന് നിശ്ചിത തുക ഈടാക്കുകയും വരുമാനം കണ്ടെത്തുകയുമാണ് പ്രോജക്ടിന്റെ ലക്ഷ്യം. ഇതിനായി ഹരിതശ്രീ

ഗ്രൂപ്പിന് കൂത്തുപറമ്പ് കോ-ഓപ്പറേറ്റീവ് റൂറൽ ബേങ്ക് ₹340000 വായ്പ അനുവദിച്ചിട്ടുണ്ട്. വായ്പ അനുവദിച്ചതിന്റെ തീയതി രേഖപ്പെടുത്തിയിട്ടില്ല.സബ്സിഡി തുക കൂത്തുപറമ്പ് കോ-ഓപ്പറേറ്റീവ് റൂറൽ ബേങ്കിന്റെ 32647818195 എന്ന അക്കൗണ്ടിലേക്കാണ് ക്രെഡിറ്റ് ചെയ്തത്. മേൽ പ്രൊജക്ട് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് താഴ പറയുന്ന അപാകതകളുണ്ട്.

1. ലോൺ അക്കൗണ്ട് ആരംഭിച്ചത് ആരുടെ പേരിലാണെന്നതിന്റെ രേഖകൾ, ബേങ്ക് പാസ് ബുക്കിന്റെ പകർപ്പ്, ലോൺ തിരിച്ചടവ് സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2. സംരംഭകരുമായി നിർവ്വഹണ ഉദ്യോഗസ്ഥൻ കരാറിലേർപ്പെട്ടതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

3. സംരംഭത്തിന്റെ തുടർ നടപടി സംബന്ധിച്ച് ഭൗതിക പരിശോധന നടത്തിയതിൽ സ്റ്റീൽ പാത്രങ്ങൾ, ഗ്ലാസ് മുതലായവ കവർ പൊട്ടിക്കാതെ ഗ്രാമ പഞ്ചായത്ത് ഓഫീസിന്റെ താഴത്തെ നിലയിലുള്ള മുറിയിൽ സൂക്ഷിച്ചതായാണ് കാണാൻ സാധിച്ചത്. ആയതിനാൽ പ്രൊജക്ടിന്റെ യഥാർത്ഥ ലക്ഷ്യം കൈവരിച്ചിട്ടില്ലായെന്നാണ് ഓഡിറ്റ് വിലയിരുത്തുന്നത്.

മേൽ അപാകങ്ങൾക്ക് ബന്ധപ്പെട്ട രേഖകൾ സഹിതം മറുപടി ലഭ്യമാക്കുവാൻ 30/12-08-2022 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ സംരംഭവുമായി ബന്ധപ്പെട്ട ഉദ്ഘാടന പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ലാത്തതിനാൽ ബാങ്ക് വായ്പ തിരിച്ചടവ് ഇതുവരെ ആരംഭിച്ചിട്ടില്ലെന്നും സംരംഭത്തിന്റെ ഉദ്ഘാടന ചടങ്ങ് 25.08.2022-ന് നടത്താൻ തീരുമാനിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. മറുപടിയോടൊന്നിച്ച് ബേങ്ക് പാസ്സ് ബുക്കിന്റെ ആദ്യ പേജിന്റെ പകർപ്പ് മാത്രമാണ് ഹാജരാക്കിയത്. പ്രൊജക്ടിന്റെ യഥാർത്ഥ ലക്ഷ്യം കൈവരിക്കാത്തതിനാൽ ₹300000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. സംരംഭത്തിന്റെ യഥാർത്ഥ ലക്ഷ്യം കൈവരിച്ചുവെന്ന് ഉറപ്പ് വരുത്തേണ്ടതും വിവരം അറിയിക്കേണ്ടതുമാണ്.

## 1-20 കറവ പശുക്കൾക്ക് കാലിത്തീറ്റ വിതരണ പദ്ധതി - രേഖകൾ ഹാജരാക്കിയിട്ടില്ല ₹500000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡയറി ഫാം ഇൻസ്ട്രക്ടർ |
| പ്രോജക്ടിന്റെ നമ്പരും പേരും | 67/22<br>കറവ പശുക്കൾക്ക് കാലിത്തീറ്റ വിതരണ പദ്ധതി |
| അടങ്കൽ | ₹500000 വികസന ഫണ്ട് (പൊതു വിഭാഗം) |
| ചെലവ് | ₹1,39200<br>ബിൽ നമ്പർ : 2122045201260068312 8/22-11-2021<br>₹334200<br>ബിൽ നമ്പർ : 2122045201260017304/11-01-2022<br>₹26600<br>ബിൽ നമ്പർ : 2122045201260130974 1//06-03-2022<br>ആകെ ചെലവ് : ₹500000 |

ചിറ്റരിപറമ്പ് ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള താഴെ പറയുന്ന ക്ഷീര സഹകരണ സംഘങ്ങൾക്ക് നൽകുന്നതിനാണ് തുക ചെലവഴിച്ചത്.

| തുക കൈപ്പറ്റിയ സ്ഥാപനത്തിന്റെ പേര് | നൽകിയതുക ₹ |
|---|---|
| ആയിത്തറ മമ്പറം | 36000 |
| ചിറ്റാരിപ്പറമ്പ് | 151400 |
| തൊടീക്കളം | 193800 |
| മാനന്തേരി | 118800 |

തുക ചെലവഴിച്ചതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല

1. സബ്സിഡി മാർഗരേഖ സ.ഉ(കൈ) നം.22/2018/ത.സ്വ.ഭ.വ തീയതി 14-02-2018 നമ്പർ ഉത്തരവിലെ ഖ.6.2.15 പ്രകാരം കാലിത്തീറ്റ സർക്കാർ നിശ്ചയിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും വാങ്ങേണ്ടതാണെന്ന് നിഷ്കർഷിക്കുന്നുണ്ട്.

എന്നാൽ ഇപ്രകാരം കാലിത്തിറ്റ വാങ്ങിയതിന്റെ ഇൻവോയ്സോ കേഷ് ബില്ലോ ഫയലിൽ ലഭ്യമല്ല.

2. പ്രൊജക്ടിന്റെ മോണിറ്ററിംഗ് റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

മുകളിൽ പറഞ്ഞ രേഖകൾ ഹാജരാക്കുന്നതിന് 10/08-08-2022 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. രേഖകളുടെ അഭാവത്തിൽ ₹500000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-21 സംയോജിത ശിശു വികസന പദ്ധതി- കേന്ദ്രഫണ്ട് യഥാസമയം ചെലവഴിക്കുന്നില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| പ്രോജക്ടിന്റെ നമ്പർ / പേര് | 21/22 അങ്കണവാടി പോഷകാഹാരം |
| അടങ്കൽ | ₹4010112 വികസന ഫണ്ട് ജനറൽ<br>₹400000 കേന്ദ്രാവിഷ്കൃത വിഹിതം<br>ആകെ : ₹4410112 |
| ചെലവ് | ₹4010112 വികസന ഫണ്ട് - ജനറൽ<br>₹ 135726 കേന്ദ്രാവിഷ്കൃത വിഹിതം<br>ആകെ : ₹4145838 |

അങ്കണവാടി പോഷകാഹാര പദ്ധതിക്കായി കേന്ദ്ര വിഹിതമിനത്തിൽ ₹400000 വകയിരുത്തിയിട്ടുണ്ടെങ്കിലും ₹ 135726 (ചെക്ക് നമ്പർ/തീയതി 2695785/04-02-2022) മാത്രമേ 2020-21 വർഷം ചെലവഴിച്ചിട്ടുള്ളൂ. 2020-21 വർഷത്തെ വാർഷിക കണക്ക് ബി4 ഷെഡ്യൂൾ പ്രകാരം ₹1,685,550 സംയോജിതശിശുവികസനപദ്ധതിയിനത്തിൽ നീക്കിയിരിപ്പുണ്ട്. പ്രസ്തുത തുക യഥാസമയം വിനിയോഗിക്കാത്തതിന് കാരണവും അങ്കണവാടികളുടെ വിവിധ ക്ഷേമ പ്രവർത്തനങ്ങൾക്കായി തുക വിനിയോഗിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും ഓഡിറ്റിന് ലഭ്യമാക്കുന്നതിന് 19/10-08-2022 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ഇനി മുതൽ കേന്ദ്ര വിഹിതം മുഴുവൻ ചെലവഴിക്കാൻ ശ്രദ്ധിച്ച് കൊള്ളാമെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുണ്ട്. അങ്കണവാടികളുടെ അടിസ്ഥാന സൗകര്യം സംബന്ധിച്ച് 21/09-08-2022 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ആകെയുള്ള 26 അങ്കണവാടികളിൽ 6 അങ്കണവാടികൾക്ക് സ്വന്തമായി കുടിവെള്ള സൗകര്യം ഇല്ലെന്നുള്ള മറുപടിയാണ് നൽകിയിട്ടുള്ളത്. കുടിവെള്ള സൗകര്യം പോലുള്ള അടിസ്ഥാന സൗകര്യം ഒരുക്കുന്നതിന് വേണ്ടി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-22 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി -വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| പ്രോജക്ടിന്റെ നമ്പർ/ പേര് | 189/22 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി |
| അടങ്കൽ | ₹187500 വികസന ഫണ്ട് – ജനറൽ<br>₹187500 സംസ്ഥാനാവിഷ്കൃത വിഹിതം<br>₹375000 മറ്റുള്ളവ<br>ആകെ : ₹750000 |
| ചെലവ് | ₹187500 വികസന ഫണ്ട് – ജനറൽ<br>ബിൽ നമ്പർ / തിയ്യതി : 21220452005300810918/20-12-2021 |

പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയുടെ നടത്തിപ്പിനായി എസ്.എൽ.ബി.പി ഡെപ്യൂട്ടി ഡയറക്ടറുടെ 71011400000003 എന്ന അക്കൗണ്ടിലേക്ക് നൽകുന്നതിനാണ് മേൽ തുക ചെലവഴിച്ചത്. എന്നാൽ തുക ലഭിച്ചതിന്റെ കൈപ്പറ്റ് രശീതി, തുക ചെലവഴിച്ചതിന്റെ വിനിയോഗസാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് 9/08-08-2022 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് വിനിയോഗ സാക്ഷ്യപത്രം അനുവദിച്ച് തരുവാൻ എസ്.എൽ.ബി.പി ഡപ്യൂട്ടി ഡയറക്ടറോട് അപേക്ഷിച്ചിട്ടുണ്ടെന്നും ആയത് ലഭ്യമാകുന്ന മുറക്ക് ഓഡിറ്റിന് ഹാജരാക്കുന്നതാണെന്നുമാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയത്. പദ്ധതി പൂർത്തിയാവുന്ന മുറക്ക് വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 1-23 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ- ₹1,11,953 യുടെ മരുന്ന് ലഭിച്ചിട്ടില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

| | |
|---|---|
| പ്രൊജക്ട് നമ്പർ /പേര് | 14/22 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | ₹2,50,000 മെയിന്റനൻസ് ഫണ്ട് - റോഡിതരം |
| ചെലവ് | ₹2,50,000<br>ബിൽ നമ്പർ/തീയതി : 21220452011300683187/22-11-2021 |

മേൽ പ്രൊജക്ട് പ്രകാരം ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങുന്നതിന് കേരള സംസ്ഥാന ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് ₹2,50,000 മുൻകൂർ നൽകിയിട്ടുണ്ട്. ഇൻവോയ്സ് നമ്പർ LF/2733 /19-3-2022 പ്രകാരം ₹1,38,047-യുടെ മരുന്ന് ലഭ്യമായതിന്റെ രേഖകൾ മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയത്. ₹1,11,953 (250000-138047) യുടെ മരുന്ന് ലഭ്യമാകാത്തത് സംബന്ധിച്ച് 28/12-8-22 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ സമർപ്പിച്ച മറുപടിയിൽ ബാക്കിയുള്ള മരുന്നുകൾ ലഭ്യമാകുന്ന മുറക്ക് രേഖകൾ ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ₹1,11,953 യുടെ മരുന്ന് ലഭ്യമാക്കുവാൻ തുടർ നടപടികൾ സ്വീകരിക്കേണ്ടതും ലഭ്യമാകുന്ന മുറക്ക് പർച്ചേസ് ബില്ലുകളും സ്റ്റോക്ക് രജിസ്റ്ററും പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്.

## 1-24 ശുചിത്വ മിഷൻ ഫണ്ട്- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല ₹150000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി
ചെലവ് തുക : ₹150000
ചെക്ക് നമ്പർ : 1263788/10-3-2022

ഗ്രാമ പഞ്ചായത്തിലെ 15 വാർഡുകളിൽ മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി ശുചിത്വ മിഷൻ ഫണ്ടിൽ നിന്നും മെഡിക്കൽ ഓഫീസർ (പി.എച്ച്.സി., ചിറ്റാരിപറമ്പ്) ചെക്ക് നമ്പർ 1263788/10.3.22-ന് പ്രകാരം ₹150000 (10000x15) മുൻകൂർ നൽകിയിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ (ഡി.സി) വകുപ്പിന്റെ 8-2-2021 ലെ 26/ഡിസി1/2021 നമ്പർ സർക്കുലർ അനുസരിച്ച് തുക ചെലവഴിക്കേണ്ടതും അനുവദിച്ച തുകയുടെ വിനിയോഗ സാക്ഷ്യപത്രം ബന്ധപ്പെട്ട സെക്രട്ടറിമാർ വാർഡ് സമിതികളിൽ നിന്നും ശേഖരിക്കേണ്ടതാണ്. മുൻകൂർ നല്കിയ തുക ക്രമീകരിച്ചിട്ടില്ല. ഒറിജിനൽ വൗച്ചറുകൾ സെക്രട്ടറി സൂക്ഷിക്കേണ്ടതും ധനവിനിയോഗ സാക്ഷ്യപത്രം ജില്ലാ ശുചിത്വ മിഷണിലേക്ക് നൽകേണ്ടതുമാണ്. ഇത് സംബന്ധിച്ച് 8/8-8-2022 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ മുൻകൂർ നൽകിയ ₹150000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-25 14-ാം മൈൽ തയ്യിൽ മുക്ക് കുഴൽ കിണർ അറ്റകുറ്റപ്പണി-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ / പേര് | 222/22 14ാം മൈൽ തയ്യിൽ മുക്ക് കുഴൽ കിണർ അറ്റകുറ്റപ്പണി |
| അടങ്കൽ | ₹ 20000 ധനകാര്യ കമ്മിഷൻ അവാർഡ് |
| ചെലവ് | ₹ 10000 ബിൽ നമ്പർ / തീയതി : 264/21-22/19-3-2022 |

14ാം മൈൽ തയ്യിൽ മുക്ക് കുഴൽ കിണർ അറ്റകുറ്റപണി നടത്തുന്നതിനുള്ള മേൽ പ്രോജക്ടിന്റെ ഭാഗമായി ഡെപ്പോസിറ്റ് പ്രവൃത്തിയിനത്തിൽ ഭൂജല വകുപ്പ് തയ്യാറാക്കി നൽകിയ എസ്റ്റിമേറ്റ് പ്രകാരമുള്ള തുകയാണ് കണ്ണൂർ ഭൂജല വകുപ്പ് ജില്ലാ ഓഫീസറുടെ അക്കൗണ്ടിലേക്ക് ഡെപ്പോസിറ്റ് ചെയ്തിട്ടുള്ളത്. മേൽ പ്രവൃത്തിയുമായി ബന്ധപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

1. പ്രവൃത്തിയുടെ പൂർത്തീകരണ സാക്ഷ്യപത്രം/ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2. ഭൂജല വകുപ്പുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല.

3. നിലവിൽ ഗുണഭോക്താക്കൾക്ക് പ്രയോജനപ്പെടും വിധം പ്രസ്തുത പ്രോജക്ട് പ്രവർത്തനക്ഷമമായിട്ടില്ല.

ഇതു സംബന്ധിച്ച് 23/11-8-2022 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് കുഴൽ കിണർ പ്രവൃത്തി പുരോഗമിക്കുന്നുണ്ടെന്നും ഭൂജല വകുപ്പ് സർക്കാർ സ്ഥാപനമായതിനാലാണ് കരാറിലേർപ്പെടാതിരുന്നതെന്നും ഭൂജല വകുപ്പിൽ നിന്നും പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറക്ക് ഹാജരാക്കുന്നതാണെന്നും സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. കുഴൽ കിണർ അറ്റകുറ്റപ്പണി പൂർത്തിയാക്കി പ്രോജക്ട് പ്രവർത്തനക്ഷമമാക്കുവാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-26 ഗ്രാമ വിശുദ്ധി ബോട്ടിൽ ബൂത്ത് സ്ഥാപിക്കൽ -ബൂത്ത് സ്ഥാപിച്ചതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല-₹2,12,764 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.**

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനിയർ |
| പ്രോജക്റ്റ് നമ്പർ /പേര് | 171/22<br>ഗ്രാമ വിശുദ്ധി ബോട്ടിൽ ബൂത്ത് സ്ഥാപിക്കൽ (സ്പിൽ ഓവർ) |
| അടങ്കൽ | ₹2,12,764 ധനകാര്യ കമ്മീഷൻ അവാർഡ് |
| ചെലവ് | ₹2,12,764<br>ബിൽ നമ്പർ /തീയതി : 21220452010600559970/25-10-2021 |
| കരാറുകാരൻ /കരാർ തുക | ശ്രീ.ആർ. കെ. സുകുമാരൻ ₹190187 |
| കരാർ നമ്പർ | 43/AE/LSGD/CPBA/18/20-21 /5.2.21 |
| എം ബുക്ക് | 18/20-21 |

ബോട്ടിൽ ബൂത്ത് സ്ഥാപിക്കൽ എന്ന പദ്ധതിക്കായി മേൽ കൊടുത്ത പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്. എന്നാൽ പ്രവൃത്തിയുടെ പ്രോജക്റ്റ് റിപ്പോർട്ട്, എസ്റ്റിമേറ്റ് റിപ്പോർട്ട് എന്നിവ ലഭ്യമാക്കിയിട്ടില്ല. ആകെ എത്ര ബോട്ടിൽ ബൂത്തിനാണ് എസ്റ്റിമേറ്റിൽ തുക വകയിരുത്തിയതെന്നും, എത്ര എണ്ണം സ്ഥാപിച്ചുവെന്നും, എവിടെയൊക്കെയാണ് സ്ഥാപിച്ചതെന്നും ഉള്ള വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. രേഖകൾ ഹാജരാക്കാത്തതിനാൽ ₹2,12,764 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-27 തൊണ്ടിലേറി ലക്ഷം വീട് കോളനിയിൽ കുഴൽ കിണർ നിർമ്മാണം - പ്രവൃത്തി പൂർത്തിയായിട്ടില്ല**

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റ് നമ്പർ / പേര് | 133/22<br>തൊണ്ടിലേറി ലക്ഷം വീട് കോളനിയിൽ<br>കുഴൽ കിണർ നിർമ്മാണം |
| അടങ്കൽ | ₹3,00,000 ധനകാര്യ കമ്മിഷൻ അവാർഡ് |
| ചെലവ് | ₹2,75,000<br>ബിൽ നമ്പർ / തീയതി : 180/21-22/18-2-2022 |

തൊണ്ടിലേറി ലക്ഷം വീട് കോളനിയിൽ കുഴൽ കിണർ നിർമ്മിക്കുന്നതിനും മോട്ടോർ, കുടിവെള്ള ടാങ്ക് എന്നിവ സ്ഥാപിക്കുന്നതിനും വേണ്ടിയുള്ളതാണ് ഈ പ്രോജക്റ്റ്. ഭൂജല വകുപ്പ് തയ്യാറാക്കി നൽകിയ എസ്റ്റിമേറ്റ് പ്രകാരമുള്ള തുകയാണ് ഡെപ്പോസിറ്റ് പ്രവൃത്തിയിനത്തിൽ കണ്ണൂർ ഭൂജല വകുപ്പ് ജില്ലാ ഓഫീസർക്ക് നൽകിയിട്ടുള്ളത്. തദ്ദേശഭരണ സ്ഥാപനം ഭൂജല വകുപ്പുമായി കരാറിൽ ഏർപ്പെട്ടതിനു ശേഷം മാത്രമെ തുക മുൻകൂർ നൽകാവു എന്ന് പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ സ.ഉ(കൈ) നമ്പർ11/2018/തസ്വഭവ, തീയതി 29.01.2018 ഖണ്ഡിക 11 (ഡി) (ii)-ൽ വ്യവസ്ഥ ചെയ്യുന്നു. എന്നാൽ മേൽ പ്രവൃത്തിയുടെ നിർവ്വഹണത്തിനായി ഭൂജല വകുപ്പുമായി കരാറിൽ ഏർപ്പെട്ടില്ല. പ്രവൃത്തി പൂർത്തീകരിച്ചതിന്റെ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല . ഇതു സംബന്ധിച്ച് 23/15-8-2022 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് കുഴൽ കിണർ പ്രവൃത്തി പുരോഗമിക്കുന്നുണ്ടെന്നും ഭൂജല വകുപ്പ് സർക്കാർ സ്ഥാപനമായതിനാലാണ് കരാറിൽ ഏർപ്പെടാതിരുന്നതെന്നും ഭൂജല വകുപ്പിൽ നിന്നും പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറക്ക് ഹാജരാക്കുന്നതാണെന്നുമുള്ള മറുപടിയാണ് സെക്രട്ടറി നൽകിയത്. തൊണ്ടിലേറി ലക്ഷം വീട് കോളനിയിൽ കുഴൽ കിണർ നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. എഗ്രിമെന്റ് വെക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

### 1-28 ജി.എസ്.ടി കോമ്പൻസേഷൻ നൽകിയത് - സെൽഫ് ഡിക്ലറേഷൻ രേഖകൾ ഹാജരാക്കിയിട്ടില്ല

ഗ്രാമ പഞ്ചായത്ത് നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് ജി.എസ്.ടി. കോമ്പൻസേഷൻ ക്ലെയിം ചെയ്യുന്നതിനായി കരാറുകാർ സെൽഫ് ഡിക്ലറേഷൻ തയ്യാറാക്കി സമർപ്പിക്കണമെന്ന് 29-9-2018 ലെ ജി.ഒ. (ആർ.ടി)നം. 2532/2018/ത.സ്വ.ഭ.വ. ഉത്തരവിൽ നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ഇത്തരത്തിൽ സെൽഫ് ഡിക്ലറേഷൻ (Statement Of Final Settlement Of Contract Amount And Declaration By The Contractor) ഇല്ലാതെയാണ് കരാറുകാർക്ക് ജി.എസ്.ടി. കോമ്പൻസേഷൻ അനുവദിച്ചിട്ടുള്ളത്. ഡിക്ലറേഷൻ ഇല്ലാതെ കോമ്പൻസേഷൻ അനുവദിച്ചത് സംബന്ധിച്ചതിന്റെ കാരണം വ്യക്തമാക്കുന്നതിനായി 32/17-8-2022 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. ഡിക്ലറേഷൻ ഇല്ലാതെ ജി.എസ്.ടി. കോമ്പൻസേഷൻ അനുവദിച്ചതിന് വ്യക്തമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

### 1-29 ഗ്രാമ പഞ്ചായത്ത് നടപ്പിലാക്കിയ പൊതുമരാമത്ത് പ്രവൃത്തികൾ മോണിറ്ററിംഗ് ചെയ്തിട്ടില്ല

ഗ്രാമ പഞ്ചായത്ത് തൻവർഷം നടപ്പിലാക്കിയ പൊതുമരാമത്ത് പ്രവൃത്തികളുടെ ഫയലുകളിൽ പ്രവൃത്തികൾ മോണിറ്ററിംഗ് ചെയ്തതിന്റെ രേഖകളില്ല. പൊതുമരാമത്ത് പ്രൊജക്ട് നടപ്പിലാക്കുമ്പോൾ പാലിക്കേണ്ട മോണിട്ടറിംഗ് സംവിധാനത്തെക്കുറിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ സ.ഉ.(കൈ)നം.11/2018 ത.സ്വ.ഭ.വ. തീയതി 29.01.2018 പ്രകാരം നൽകിയിട്ടുണ്ട്. മേൽ ഉത്തരവ് ഖണ്ഡിക 13 പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിങ്ങ് കമ്മിറ്റിയായി പ്രവർത്തിക്കേണ്ടതാണെന്നും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണെന്നും പ്രാദേശിക മോണിറ്ററിംഗിനായി സാമൂഹ്യാധിഷ്ഠിത സംഘടനകളെയും ജനകീയ കൂട്ടായ്മകളെയും ചുമതലപ്പെടുത്താവുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തിയ പ്രൊജക്ടുകളിലൊന്നും പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് നടത്തിയതിന്റെ റിപ്പോർട്ട് ഉൾപ്പെടുത്തിയിട്ടില്ല. പ്രോജക്ട് പൂർത്തീകരണ സാക്ഷ്യപത്രം പ്രൊജക്ട് ഫയലിൽ ചേർത്തിട്ടില്ല. ഓരോ പദ്ധതിയുടെയും നിർവ്വഹണ പുരോഗതിയും ഭൗതികനേട്ടവും വിലയിരുത്തുന്നതിനായി ഫലപ്രദമായ മോണിറ്ററിംഗ് സംവിധാനം ഉണ്ടാവേണ്ടതുണ്ട്. ഇക്കാര്യം ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ / തീയ്യതി |
|---|---|---|
| 2021-22 | 4-8-2022 | കെ.എസ്.എ/കെ.എൻ.ആർ/സി.8/1237/2022 തീയ്യതി: 01.11.2022 |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| ക്രമ | വിഹിതം | ലഭിച്ച | തുക | പദ്ധതിയുടെ | ചെലവഴിച്ച | നീക്കിയി |
|---|---|---|---|---|---|---|

| നമ്പർ | നൽകിയ സ്ഥാപനം | തുക ₹ | ലഭിച്ച വർഷം | നമ്പർ / പേര് | തുക | രിപ്പ് |
|---|---|---|---|---|---|---|
| 1 | കൂത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്ത് | 42500 | 2021-22 | 108/22 പച്ചക്കറി കൃഷിക്ക് കൂലി ചെലവ് സബ്സിഡി | 42500 | ഇല്ല |
| 2 | കൂത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്ത് | 68187 | 2021-22 | 106/22 നെൽകൃഷിക്ക് കൂലി ചെലവ് സബ്സിഡി | 68187 | ഇല്ല |
| 3 | കൂത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്ത് | 300000 | 2021-22 | 46/22 സാന്ത്വന പരിചരണം | 300000 | ഇല്ല |
| 4 | കൂത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്ത് | 520000 | 2021-22 | 80/22 ലൈഫ് മിഷൻ ഭവന നിർമ്മാണ പൂർത്തീകരണം- പട്ടിക ജാതി | 520000 | ഇല്ല |
| 5 | കൂത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്ത് | 982000 | 2021-22 | 79/22 ലൈഫ് മിഷൻ ഭവന നിർമ്മാണ പൂർത്തീകരണം- പട്ടിക വർഗ്ഗം | 982000 | ഇല്ല |
| 6 | കൂത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്ത് | 250000 | 2021-22 | 51/22 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് വിതരണം | 250000 | ഇല്ല |
| 7 | കൂത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്ത് | 600000 | 2021-22 | 44/22 പാലിന് സബ്സിഡി | 600000 | ഇല്ല |
| | ആകെ | 2762687 | | | 2762687 | |
| | ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനത്തിൽ മുൻവർഷങ്ങളിൽ ലഭിച്ച തുകയിൽ നിന്നും ₹40,000 ലൈഫ് മിഷൻ ഭവന പദ്ധതി ജനറൽ (സ്പിൽ ഓവർ) എന്ന പ്രോജക്റ്റിനും ₹1,00,000ലൈഫ് മിഷൻ ഭവന പദ്ധതി പട്ടിക ജാതി (സ്പിൽ ഓവർ) എന്ന പ്രോജക്റ്റിനും ₹11,28,138 ലൈഫ് മിഷൻ ഭവന പദ്ധതി പട്ടിക വർഗ്ഗം (സ്പിൽ ഓവർ) എന്ന പ്രോജക്റ്റിനുമായി ആകെ ₹1268138 തൻവർഷം ചെലവഴിച്ചിട്ടുണ്ട്. | | | | | |
| 9 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 119722 | 2021-22 | 183/22 വീട്ടുവളപ്പിൽ കുളത്തിലെ മത്സ്യകൃഷി | 119722 | ഇല്ല |
| 10 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 250000 | 2021-22 | 51/22 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് വിതരണം | 250000 | ഇല്ല |
| 11 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 343600 | 2021-22 | 156/22 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന | 343600 | ഇല്ല |

| | | | | | | |
|---|---|---|---|---|---|---|
| | | | | വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് വിതരണം (സ്പിൽ ഓവർ) | | |
| 12 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 43000 | 2021-22 | 44/22 പാലിന് സബ്സിഡി | 43000 | ഇല്ല |
| 13 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 424546 | 2021-22 | 184/22 പാലിന് ഇൻസെന്റീവ് (സ്പിൽ ഓവർ) | 424546 | ഇല്ല |
| | ആകെ | 1180868 | | | 1180868 | |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തി യുടെ പേര് | ബിൽ/ വൌച്ചർ നമ്പർ | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഭൂജല വകുപ്പ് | 222/22 14-ാം മൈൽ തയ്യിൽ മുക്ക് കുഴൽകിണർ അറ്റകുറ്റപ്പണി | 264/19-3-2022 | 10000 | പൂർത്തീ കരിച്ചിട്ടില്ല | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല |
| ഭൂജല വകുപ്പ് | 133/22 തൊണ്ടിലേരി ലക്ഷംവീട് കോളനിയിൽ കുഴൽകിണർ നിർമ്മാണം | 180/18-2-2022 | 275000 | പൂർത്തീ കരിച്ചിട്ടില്ല | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല |
| കെ.എസ്. ഇ.ബി | 190/22 തെരുവിളക്ക് മെയിൻ ലൈൻ വലിക്കൽ | 145/18-1-2022 | 316948 | പൂർത്തീകരിച്ചു | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചു |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഇല്ല

## 4-5 വായ്പ / വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം ഗ്രാമ പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുള്ള ₹10769332 യിൽ തൻവർഷം ₹865334 തിരിച്ചടച്ചിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പാ തുക ₹ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് | സ.ഉ | 12500000 | 10769332 | 865334 | - | 9903998 |

| | | | | | | |
|---|---|---|---|---|---|---|
| മിഷൻ ഭവന പദ്ധതി HUDCO | (എം.എസ്) നം.2278/2018/ ത.സ്വ.ഭ.വ/ 18-8-2018 | | | | | |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഗ്രാമ പഞ്ചായത്തിന് സ്ഥിരനിക്ഷേപമിനത്തിൽ തുകയൊന്നും നീക്കിയിരിപ്പായി ഇല്ല. ഷെയർ ഇനത്തിലുള്ള ₹20000 യുടെ വിവരം താഴെകൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 20000 |
| തൻവർഷം നിക്ഷേപിച്ചത് | ഇല്ല |
| ആകെ | 20000 |
| തൻവർഷം പിൻവലിച്ചത് | ഇല്ല |
| വർഷാവസാനം നീക്കിയിരിപ്പ് | 20000 |

| ക്രമ നമ്പർ | ഷെയർ സർട്ടിഫിക്കറ്റിന്റെ വിവരം | തുക |
|---|---|---|
| 1 | മലബാർ ടൂറിസം ഡവലപ്പ്മെന്റ് സൊസൈറ്റി, സർട്ടിഫിക്കറ്റ് നമ്പർ 4462/27-6-2015 | 20000 |

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം ലഭിച്ച ₹2476 യുടെ വിശദവിവരം താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം / ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര് / ഉദ്യോഗപ്പേര് | രശീതി നമ്പർ / തിയ്യതി |
|---|---|---|---|---|
| 2011-12, 2012-13 | 3-9 | 2476 | വിനോദ്, കോൺട്രാക്ടർ | 121030103296/10-1-2022 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

എ. സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹ | 75195041 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹ | 73295527 |
| വരവിനങ്ങളിലുള്ള നഷ്ടം | ₹ | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹ | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹ | 1162764 |

ബി. പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദികളായ ഉദ്യോഗസ്ഥന്റെ പേര് |
|---|---|---|
| 1-19 | 300000 | ശ്രീമതി. വിനയ. കെ, വി.ഇ.ഒ. കണ്ണവം |

| | | |
|---|---|---|
| 1-20 | 500000 | ശ്രീമതി. പ്രവീണ. എ, ഡയറി ഫാം ഇൻസ്ട്രക്ടർ |
| 1-24 | 150000 | ശ്രീ. മാത്യു കെ. എം, സെക്രട്ടറി |
| 1-26 | 212764 | ശ്രീ. രാജീവൻ. ടി, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 1162764 | |

സി. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി. നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ. റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തി നും തടസ്സത്തിനും ഉ ത്തരവാദികളായവരുടെ സ്ഥിരം മേൽ വിലാസം

| നഷ്ടത്തിനും തടസ്സത്തിനും ഉത്തരവാദിയായ ആളുടെ പേര് | ഇപ്പോഴത്തെ ഔദ്യോഗിക വിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. വിനയ. കെ, വി.ഇ.ഒ. കണ്ണവം | വി.ഇ.ഒ. ചിറ്റാരപ്പറമ്പ് | ശ്രീലകം, വെണ്ടുട്ടായി പിണറായി-പി.ഒ, കണ്ണൂർ, 670741 |
| ശ്രീമതി. പ്രവീണ. എ. ഡയറി ഫാം ഇൻസ്ട്രക്ടർ | ഡയറി എക്സ്റ്റൻഷൻ സർവ്വീസ് യൂണിറ്റ്, കൂത്തുപറമ്പ് | കുഞ്ഞിപ്പറമ്പ്ഹൌസ്, മുതിയങ്ങ-പി.ഒ, കാര്യാട്ട്പുരം കണ്ണൂർ |
| ശ്രീ. മാത്യു കെ. എം, സെക്രട്ടറി | സെക്രട്ടറി ചിറ്റാരിപ്പറമ്പ് ഗ്രാമ പഞ്ചായത്ത് | കരിക്കാട്ടിൽ ഹൌസ്, എരഞ്ഞോളി-പി.ഒ, കണ്ണൂർ, 670107 |
| ശ്രീ. രാജീവൻ. ടി, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ ചിറ്റാരിപ്പറമ്പ് ഗ്രാമ പഞ്ചായത്ത് | സാറ ഹിൽസ് മനേക്കര, പന്ന്യന്നൂർ-പി.ഒ കണ്ണൂർ, 670671 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നുമുള്ള ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2008-09, 2009-10, 2010-11 | നം.കെ.എസ്.എ/കെ.എൻ.ആർ /സി.8/1323/2022 തീ.20.09.2022 | 1 |

| | | |
|---|---|---|
| 2013-14, 2014-15 | നം.കെ.എസ്.എ/കെ.എൻ.ആർ /സി.8/1323/2022 തീ.20.09.2022 | 1 |
| 2015-16 | നം.കെ.എസ്.എ/കെ.എൻ.ആർ /സി.8/1323/2022 തീ.20.09.2022 | 1 |
| 2016-17 | നം.കെ.എസ്.എ/കെ.എൻ.ആർ /സി.8/1323/2022 തീ.20.09.2022 | 1 |
| 2019-20 | നം.കെ.എസ്.എ/കെ.എൻ.ആർ/സി8/114/22 തീ.8-6-2022 | 13 |
| 2020-21 | കെ.എസ്,എ/കെ.എൻ.ആർ/സി.8/113/22 തീ.28-6-2022 | 22 |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കണ്ണൂർ ജില്ലയിലെ ചിറ്റാരിപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ ചിറ്റാരിപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# Annex3-1

## RECEIPT & PAYMENT STATEMENT

| | | | |
|---|---|---|---|
| Chittariparamba Grama Panchayat<br>RECEIPT & PAYMENT STATEMENT | | | |
| For the period from 01-April-2021 to 31-March-2022 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 22868015.75 |
| Cash | Cash | RP-40(a) | 110206.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1833340.00 |
| 140000000 | Fees & User Charges | RP-4 | 661295.00 |
| 150000000 | Sale & Hire Charges | RP-5 | 90549.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 48174886.00 |
| 171000000 | Interest Earned | RP-9 | 520640.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 14346883.00 |
| 350000000 | Other Liabilities | RP-36 | 411925.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 17237.00 |
| 311000000 | Earmarked Funds | RP-29 | 27323.00 |
| 340000000 | Deposits Received | RP-34 | 271748.00 |
| 350000000 | Other Liabilities | RP-36 | 527963.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 8296252.00 |
| 460000000 | Loans, Advances and Deposits | RP-47 | 15000.00 |
| | Grand total | | 98173262.75 |
| | PAYMENTS | | |

| | | | |
|---|---|---|---|
| | Operating | | |
| 210000000 | Establishment Expenses | RP-11 | 4774934.00 |
| 220000000 | Administrative Expenses | RP-12 | 834121.00 |
| 230000000 | Operations & Maintenance | RP-13 | 819262.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 7634350.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 22569642.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 0.0 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 78898.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 360000.00 |
| 255000000 | Maintenance Projects | RP-20 | 8952193.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 520000.00 |
| 280000000 | Prior Period item | RP-26 | -2680.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 791548.00 |
| 350000000 | Other Liabilities | RP-36 | 9988861.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 649.00 |
| 280000000 | Prior Period Item | RP-26 | -600.00 |
| 311000000 | Earmarked Funds | RP-29 | 52000.00 |
| 340000000 | Deposits Received | RP-34 | 229685.00 |
| 350000000 | Other Liabilities | RP-36 | 3807570.00 |
| 410000000 | Fixed Assets | RP-38 | 5241608.00 |
| 412000000 | Capital work in Progress | RP-40 | 1133697.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 3200601.00 |
| 460000000 | Loans, Advances and Deposits | RP-47 | 2309188.00 |
| | Closing Balance | | |

| | | | |
|---|---|---|---|
| Bank | Bank | RP-40(b) | 24798947.75 |
| Cash | Cash | RP-40(b) | 78788.00 |
| | Grand Total | | 98173262.75 |

## Annex3-2

## INCOME & EXPENDITURE STATEMENT

| | | | |
|---|---|---|---|
| Chittariparamba Grama Panchayat<br>INCOME & EXPENDITURE STATEMENT | | | |
| For the period from 01-April-2021 to 31-March-2022 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 6332841.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 82164.00 |
| 140000000 | Fee & User Charges | I-4(b) | 1008845.00 |
| 150000000 | Sale & Hire Charges | I-5(b) | 90549.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 174509926.00 |
| 171000000 | Interest Earned | I-8 | 520640.00 |
| 180000000 | Other Income | I-9 | 107187.00 |
| | Total Income | | 182652152.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 13268037.00 |
| 220000000 | Administrative Expenses | I-11(b) | 834121.00 |
| 230000000 | Operations & Maintenance | I-12(b) | 969262.00 |
| 240000000 | Interest & Finance Charges | I-13 | 649.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 8098450.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 80067130.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 382173.00 |

| | | | |
|---|---|---|---|
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 78898.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 61422400.00 |
| 255000000 | Maintenance Projects | I-14(e) | 8952193.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 520000.00 |
| 270000000 | Provisions and Write off | I-16 | 28374.00 |
| 272000000 | Depreciation | I-17(a) | 9303403.00 |
| | Total Expenditure | | 183925090.00 |
| | Gross Surplus/ Deficit of income over Expenditure | | -1272938.00 |
| 280000000 | Prior Period Item | I-18 | 22300839.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | -23573777.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

## Annex3-3

## BALANCE SHEET

| For the period from 01-April-2021 to 31-March-2022 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | -35159919.85 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 21817.00 |
| 312000000 | Reserves | B-3 | 59416221.00 |
| | Total Reserve & Surplus | | 24278118.15 |
| | Grants, Contributions for Specific Purposes | | |

| | | | |
|---|---|---|---|
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 9773449.00 |
| | Total Grants, Contributions for Specific Purposes | | 9773449.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 9903998.00 |
| | Total Loans | | 9903998.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 3391546.00 |
| 350000000 | Other Liabilities | B-9 | 1326252.60 |
| | Total Current Liabilities and Provisions | | 4717798.60 |
| | TOTAL LIABILITIES | | 48673363.75 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 98191574.00 |
| 411000000 | Accumulated Depreciation | B-11 | -82091977.00 |
| 412000000 | Capital Work in Progress | B-11(a) | 1133697.00 |
| | Total Fixed Assets | | 17233294.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 20000.00 |
| | Total Investments | | 20000.00 |
| | Current Assets, Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 3291526.00 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 24877735.75 |
| 460000000 | Loans, Advances and Deposits | B-18 | 3250808.00 |
| | Total Current Assets, Loans and Advances | | 31420069.75 |
| | Other Assets | | |

| | | | |
|---|---|---|---|
| | Miscellaneous Expenditure (To the Extent not written off) | | |
| | TOTAL ASSETS | | 48673363.75 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.